**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6288** **20.11.2019-ലെ മറുപടി**

**കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അൻപതോളം കുടുംബങ്ങൾ കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അൻപതോളം കുടുംബങ്ങൾ കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| ബി) | നായർ കോളനിയിൽ കുടിവെള്ളത്തിന് പുതിയ സോഴ്സ് ലഭ്യമല്ല എന്നതുകൊണ്ട് തൊട്ടടുത്ത കല്ലനോട് കുടിവെള്ള പദ്ധതിയിൽ നിന്നും നായർ കോളനിയിലേക്ക് കുടിവെള്ള വിതരണം സാധ്യമാണോ എന്ന് പരിശോധിക്കുമോ; | ബി) | കല്ലനോട് കുടിവെള്ള പദ്ധതി ജല അതോറിറ്റി നിർമ്മാണം പൂർത്തിയാക്കി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതിയിൽ നിന്നും നായർ കോളനിയിലേക്ക് കുടിവെള്ള വിതരണം സാധ്യമാണോയെന്ന് പരിശോധിച്ചിരുന്നു. കഴിഞ്ഞ വേനൽക്കാലത്ത് പ്രസ്തുത പദ്ധതിയുടെ കിണറിൽ പരമാവധി 50,000 ലിറ്റർ വെള്ളം മാത്രമെ പ്രതിദിനം പമ്പ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഈ വെള്ളം നിലവിലുള്ള കല്ലനോട് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മാത്രമെ മതിയാവുകയുള്ളൂ. |
| സി) | കല്ലനോട് കുടിവെള്ള പദ്ധതിയിലെ ജലലഭ്യത ശാസ്ത്രീയമായി പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാഫലം ലഭ്യമാക്കാമോ; | സി) | കല്ലനോട് കുടിവെള്ള പദ്ധതിയിലെ ജലലഭ്യത ശാസ്ത്രീയമായി പരിശോധിച്ചിട്ടുണ്ട്. 5 മീറ്റർ വ്യാസമുള്ള കിണറിൽ വേനൽക്കാലത്ത് 2.50 മീറ്റർ ആഴത്തിൽ ലഭ്യമായ സ്റ്റോറേജ് 50,000 ലിറ്റർ മാത്രമാണ്. |
| ഡി) | നായർ കോളനിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | ഡി) | നായർ കോളനിയിൽ ജലനിധി മുഖേന ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി പ്രസ്തുത കോളനിയിലേക്ക് കുടിവെള്ള പദ്ധതിക്കായി പ്രാഥമിക പഠനം നടത്തിയിരുന്നെങ്കിലും സ്രോതസ്സിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തത് കാരണം പദ്ധതി തയ്യാറാക്കാനായിട്ടില്ല. |

Renuka Sankar

സെക്ഷൻ ഓഫീസർ